(ബി) ശമ്പള ബിൽ കൗണ്ടർസൈൻ ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ സ്ഥിരം ടെസ്റ്റ് എക്സംപ്ഷൻ നൽകിയിട്ടില്ല.

(സി) ട്രഷറി വകുപ്പിനെ സംബന്ധിച്ചിടത്തോളം ആഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിലേക്ക് അക്കൗണ്ട് ടെസ്റ്റ് ഹയർ നിർബന്ധമായും പാസ്സാകണം. എന്നാൽ 1.12.85 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ ടെസ്റ്റ് പാസ്സാകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നിരുന്നാലും അത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് ദീർഘകാല സർവ്വീസ് അനുഭവത്തിൽനിന്നും ട്രഷറി കോഡിലും ഫിനാൻഷ്യൽ കോഡിലും പരിജ്ഞാനം ഉണ്ട്. ആയതിനാൽ അത്തരത്തിലുള്ളവരെ ബില്ല് പാസാക്കുന്നതിൽ അയോഗ്യരായി കാണേണ്ട ആവശ്യം ഇല്ല.

**41 (1004) ശമ്പള പരിഷ്കരണത്തിലെ അപാകത**

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ടൈപ്പിസ്റ്റ്-സി.എ., ഓഫീസ് സൂപ്രണ്ട് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണംമൂലം ഉണ്ടായിട്ടുള്ള അപാകതകളെക്കുറിച്ച് ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി മുൻപാകെ ഏതെല്ലാം സർവ്വീസ് സംഘടനകളിൽനിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനോമലി കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ടൈപ്പിസ്റ്റ് ആന്റ് സി.എ. അസോസിയേഷൻ തുടങ്ങിയ സർവീസ് സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) എംപവേർഡ് കമ്മിറ്റിയുടെ കുറെ ശുപാർശകൾ ലഭിച്ചിട്ടുണ്ട്.

(സി) അതിൻമേൽ തീരുമാനം എടുത്തുകഴിഞ്ഞു.

**42 (1005) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഉത്പാദനവും ഉപഭോഗവും**

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അളവെത്ര;

(ബി) സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വിദേശമദ്യത്തിന്റെ അളവെത്ര;

LIBRARY ARCHIVES Kerala Legislative Assembly